വ്യാവസായിക പരിശീലനവകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, പി എം ജി.

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ : എസ്. സുഹാസ്. ഐ എ എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് അറ്റൻഡർ എന്നിവർക്ക് യൂണിഫോം അലവൻസ് അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്തു ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം- 1)20.8.2011 ലെ എഫ്3/16416/2011 നമ്പരായ ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം
2)29.4.2017 ലെ സി4/126/2016/തൊഴിൽ നമ്പരായ സർക്കാർ കത്ത്

ഉത്തരവ് നമ്പർ എഫ്3/16416/2011 തീയതി : 5/6/2017

സൂചന (1) ലെ ഈ വകുപ്പിലെ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം പരിശീലന വേളയിൽ പ്രാക്ടിക്കൽ ഹാളിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഇൻസ്ട്രക്ടർ, വർക്ക് ഷോപ്പ് അറ്റൻഡർ എന്നിവർക്ക് വർക്ക്ഷോപ്പിൽ ധരിക്കുന്നതിലേക്കായി പ്രതിവർഷം 1000/-രൂപ വീതം യൂണിഫോം അലവൻസ് അനുവദിച്ച് കൊണ്ട് അനുമതി നൽകിയിരുന്നു. എന്നാൽ സൂചന (2) ലെ സർക്കാർ കത്ത് പ്രകാരം യൂണീഫോം അലവൻസ് അനുവദിച്ച പ്രസ്തുത നടപടി റദ്ദ് ചെയ്യണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഇൻസ്ട്രക്ടർ, വർക്ക് ഷോപ്പ് അറ്റൻഡർ എന്നിവർക്ക് വർഷംതോറും 1000/-രൂപ വീതം യൂണീഫോം അലവൻസ് അനുവദിച്ച സൂചന (1) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ഇൻസ്ട്രക്ടർ, വർക്ക് ഷോപ്പ് അറ്റൻഡർ എന്നിവർക്ക് യൂണിഫോം അലവൻസ് അനുവദിക്കുവാൻ പാടുള്ളതല്ല.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും/പ്രിൻസിപ്പാൾ ബിറ്റിസി കൊല്ലം
പകർപ്പ് -ജൂനിയർ സൂപ്രണ്ട്/എഫ് 3 സെക്ഷൻ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

ഡെപ്യൂട്ടി ട്രേഡ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ